കേരള പബ്ലിക് സർവീസ് കമ്മീഷൻ മെമ്പർമാർക്ക് ശമ്പളപരിഷ്ക്കരണം

14 (2116) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ മെമ്പർമാർക്ക് ശമ്പള പരിഷ്ക്കരണത്തിനു മുന്നോടിയായി എന്നു മുതലാണ് ഇടക്കാലാശ്വാസം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇടക്കാലാശ്വാസം അനുവദിച്ചു വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ശമ്പളപരിഷ്ക്കരണം നടപ്പാക്കാത്തതിനാൽ പെൻഷൻ പറ്റിയവർക്ക് വളരെ കുറഞ്ഞ പെൻഷനാണ് ലഭിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ; ഉടനടി ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി കൈക്കൊള്ളുമോ ;

(ഡി) 1957-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റഗുലേഷനിലെ ചട്ടം 7 എ (1)&(2) പ്രകാരം സർവ്വീസിലിരിക്കെ മെമ്പർ ആയവർക്ക് അടിസ്ഥാന ശമ്പളത്തോടൊപ്പം ഗ്രാറ്റുവിറ്റിക്ക് ഡി.എ. കൂടി കൂട്ടുവാൻ നിയമതടസ്സം വല്ലതുമുണ്ടോ ; ശമ്പള പരിഷ്ക്കരണം വന്നിട്ടില്ലായെന്ന കാരണത്താൽ ഡി.എ. കൂടി ഗ്രാറ്റുവിറ്റിക്ക് കൂട്ടാതെ പഴയ നിരക്കിൽ 80,000 ലിമിറ്റ് ചെയ്ത് ഗ്രാറ്റുവിറ്റി കൊടുത്തിട്ടുള്ളത് ശരിയാണോ എന്ന് പരിശോധിക്കുമോ ?

ഉത്തരം

(എ) 1996 ജൂലൈ ഒന്നു മുതൽ.

(ബി) ഉണ്ട്.

(സി) 30-06-2003-ൽ ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു.

(ഡി) പരിശോധിക്കുന്നതാണ്.

പി. എസ്. സി. ഹെഡ് ഓഫീസ് എൻക്വയറി കൗണ്ടറിന്റെ പ്രവർത്തനം

15 (2117) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി.-യുടെ പട്ടത്തുള്ള ഹെഡ് ആഫീസിലെ എൻക്വയറി വിഭാഗം കമ്പ്യൂട്ടർവൽക്കരിച്ചതാണോ ;

(ബി) പി. എസ്. സി. നടത്തുന്ന പരീക്ഷകളിൽ റാങ്ക് ലിസ്റ്റിൽ പേര് വന്നിട്ടുള്ളവരുടെ റാങ്ക് നമ്പരും അനുബന്ധ വിവരങ്ങളും കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉദ്യോഗാർത്ഥിയുടെ പേര്, ഹാൾടിക്കറ്റ് നമ്പർ, പരീക്ഷ എഴുതിയ പോസ്റ്റിനെ സംബന്ധിച്ച വിവരങ്ങൾ മുതലായവ സംസ്ഥാനത്തെ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും ആവശ്യമായ വിവരങ്ങൾ ഫോണിലൂടെ പറഞ്ഞു കൊടുക്കുന്നതിന് പി.എസ്.സി.-യിൽ നിലവിൽ വേണ്ട ക്രമീകരണങ്ങൾ ഉണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുമോ ;

(എഫ്) ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഇക്കാര്യങ്ങളിൽ വ്യക്തമായ അറിവുള്ള എത്ര എൻക്വയറി ഉദ്യോഗസ്ഥർ ഈ കൗണ്ടറിൽ ഉണ്ടെന്നു വ്യക്തമാക്കുമോ ;

(ജി) ഇവിടെ ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലായെങ്കിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(എച്ച്) വിവിധ ജില്ലാ പി.എസ്.സി. ആഫീസുകളിലും കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഐ) പി.എസ്.സി. യുടെ ഹെഡ് ആഫീസിലും ജില്ലാ ആഫീസുകളിലും ഉള്ള ഇൻഫർമേഷൻ വിഭാഗത്തിൽ ഫോണിൽ വിവരം ചോദിക്കുമ്പോൾ ബന്ധപ്പെട്ട ആഫീസിൽ വന്ന് നോക്കുകയോ, വിവരം അന്വേഷിക്കുകയോ ചെയ്യണമെന്ന് മറുപടി നൽകാറുണ്ടോ ;

(ജെ) ഇത്തരത്തിലുള്ള മറുപടികൾ ഒഴിവാക്കുന്നതിനും എൻക്വയറിയിൽ ഫോൺ മുഖേന നടത്തുന്ന അന്വേഷണങ്ങൾക്ക് ഫോണിൽ തന്നെ സത്യസന്ധമായ വിവരം നൽകുന്നതിന് വേണ്ട അടിയന്തിര ഏർപ്പാടുകൾ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻക്വയറി വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി & സി) പബ്ലിക് സർവീസ് കമ്മീഷൻ ആരംഭിക്കാൻ പോകുന്ന വെബ്സൈറ്റിൽകൂടി പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളും മറ്റു വിവരങ്ങളും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി&ഇ) എല്ലാ വിവരങ്ങളും ടെലിഫോണിലൂടെ പറഞ്ഞു കൊടുക്കാൻ നിർവാഹമില്ല. എന്നാൽ കഴിയുന്നിടത്തോളം വിവരങ്ങൾ ടെലിഫോണിലൂടെ പറഞ്ഞുകൊടുക്കുന്നുണ്ട്.

(എഫ്&ജി) കേന്ദ്ര ആഫീസിൽ ഒരു എൻക്വയറി ആഫീസർ, രണ്ട് അസിസ്റ്റന്റ്, ഒരു ശിപായി എന്നിവരുൾപ്പെട്ടതും മേഖലാ ഓഫീസിൽ ഒരു എൻക്വയറി ഓഫീസറുടെയും ജില്ലാ ആഫീസിൽ ഒരു ആഫീസ് സൂപ്രണ്ടിന്റെയും നേതൃത്വത്തിലാണ് എൻക്വയറി വിഭാഗം. നിലവിലുള്ള സംവിധാനം ഈ ആവശ്യത്തിന് പര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പി.എസ്.സി.യുടെ ജില്ലാ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. എൻകയറി വിഭാഗം കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല.

(ഐ&ജെ) ഫോണിലൂടെ അറിയിക്കാൻ സാധിക്കുന്ന വിവരങ്ങൾ പറഞ്ഞുകൊടുക്കുന്നുണ്ട്. എല്ലാ വിവരങ്ങളും ഫോണിലൂടെ നൽകാൻ പ്രായോഗികമായി കഴിയില്ല. അങ്ങനെ വരുമ്പോൾ ഉദ്യോഗാർത്ഥി നേരിൽവന്ന് വിവരങ്ങൾ മനസ്സിലാക്കാൻ ആവശ്യപ്പെടാറുണ്ട്.

റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ നടപടി

16 (2118) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ പുനർവിന്യാസ നടപടികളും സെക്രട്ടറി തല ചർച്ചകളും പൂർത്തിയാക്കാത്ത സാഹചര്യത്തിൽ നിലനിൽക്കുന്ന അനിശ്ചിതത്വംമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും പ്രായപരിധി കഴിഞ്ഞു നിൽക്കുന്നവരുമായ നിരവധി ഉദ്യോഗാർത്ഥികൾ ഇതുമൂലം അനുഭവിക്കുന്ന വൈഷമ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 5-8-2003-ൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 6 മാസം കൂടി ദീർഘിപ്പിക്കാൻ പി.എസ്.സി.യോട് അഭ്യർത്ഥിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. അന്തിമ തീരുമാനമായിട്ടില്ല.

റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കാനുള്ള തസ്തികകൾ

17 (2119) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. നോട്ടിഫിക്കേഷൻ നടത്തി പരീക്ഷയും കഴിഞ്ഞ് റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കാനുള്ള എത്ര തസ്തികകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly